# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.76** **04-06-2018-ൽ മറുപടിക്ക്**

### ഐ.ടി. മേഖലയുടെ വികസനം

**ചോദ്യം** **മറുപടി**

**ശ്രീ.ഇ.പി.ജയരാജൻ**
**,, വി. ജോയി**
**,, കെ.ജെ. മാക്സി**
**,, എം. മുകേഷ്**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഐ.ടി. മേഖലയിലെ വ്യവസായ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയെ മറ്റ് വ്യവസായ മേഖലകളുമായി ബന്ധിപ്പിച്ച് വളർച്ച ഉറപ്പാക്കുന്നതിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | ഏകജാലക സർക്കാർ പോർട്ടൽ, ഫ്രീ ആന്റ് ഓപ്പൺ സോഫ്റ്റ്, മറ്റ് സാങ്കേതിക വിദ്യകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ സേവനസംവിധാനങ്ങളിൽ ഇ-ഗവേണൻസ്, എം-ഗവേണൻസ് തുടങ്ങിയ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനോടൊപ്പം സംസ്ഥാനത്തുനിന്നുള്ള ഐ.ടി ഉൽപ്പന്നങ്ങളും ഐ.ടി സേവനങ്ങളും പ്രോത്സാഹിപ്പിക്കു-ന്നതിനും ആവശ്യമായ പദ്ധതികൾ ഐ.ടി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള ഇ-ഗവേണൻസ് സംവിധാനങ്ങളോടൊപ്പം കൂടുതൽ പുതിയ സേവനങ്ങളും ലഭ്യമാക്കുക, അക്ഷയ കേന്ദ്രങ്ങൾ, അക്ഷയ-ബാങ്കിംഗ് സംയുക്ത സംരംഭങ്ങൾ, കിയോസ്കുകൾ, ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ, സിറ്റിസൺ കോൾ സെന്ററുകൾ, തുടങ്ങിയ സംവിധാനങ്ങളും സജ്ജീകരിക്കാൻ പുതിയ ഐ. ടി നയത്തിലൂടെ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാന സർക്കാരിന്റെ ഐ.ടി പാർക്കുകളായ ടെക്നോപാർക്ക് – തിരുവനന്തപുരം, ഇൻഫോപാർക്ക് – കൊച്ചി, സൈബർപാർക്ക് – കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി/ഐ.ടി.ഇ.എസ് സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ചെറുതും ഇടത്തരവുമായ ഐ.ടി സംരംഭകർക്ക് മിതമായ നിരക്കിൽ SEZ/Non SEZ മേഖലകളിൽ ലഭ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള ഐ.ടി കെട്ടിട സൗകര്യങ്ങൾ, ഭൂമി, ഫർണിഷ്ഡ് ഓഫീസ് സ്പെയിസുകൾ, സുതാര്യമായ കരാർ വ്യവസ്ഥകൾ, അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സജ്ജീകരണങ്ങളും, മിതമായ ജല – വൈദ്യുത നിരക്കുകൾ, മികച്ച ജല – വൈദ്യുതി വിതരണ സംവിധാനങ്ങൾ, 100% പവർ ബാക്കപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്ടിവിറ്റി, മികച്ച മാലിന്യ സംസ്കരണ സജ്ജീകരണങ്ങൾ, ഏകജാലക സംവിധാനം, പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലളിതമായ നടപടി ക്രമങ്ങൾ തുടങ്ങിയവയുൾപ്പെടെ സംസ്ഥാനത്തെ ലോകോത്തര സാങ്കേതിക പശ്ചാത്തലം ഒരുക്കിക്കൊണ്ട് ഒരു നല്ല ഐ.ടി നിക്ഷേപ കേന്ദ്രമാക്കുന്നതിനു ആവശ്യമായ പദ്ധതികൾ ഐ.ടി നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ വിവിധ സാങ്കേതിക സെക്ടറുകൾക്കായുള്ള ഒരു ആഗോള ഇന്നവേഷൻ ഇൻക്യൂബേറ്റർ ഹബ്ബ് ആയി കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ (KTIZ) കളമശ്ശേരിയിലെ കിൻഫ്രാ ഹൈ-ടെക് പാർക്കിൽ 13.2 ഏക്കർ സ്ഥലത്ത് സ്ഥാപിച്ചു വരുകയാണ്. നിർമ്മിച്ച സ്റ്റാർട്ടപ്പ് മോഡ്യൂളുകൾ, ഉയർന്ന നിലവാരമുള്ള ഫാബ്രിക്കേഷൻ ലാബുകൾ, ആർ & ഡി ലാബുകൾ, വാണിജ്യ ഓഫീസുകൾ, ഡോർമെട്ടികൾ മുതലായവ ഉൾപ്പെട്ടതും വൈവിദ്ധ്യമാർന്ന മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങളും അറിവും അന്യോന്യം കൈമാറി ഉപയോഗിക്കുവാനുള്ള സൗകര്യം ഉള്ളതുമായിരിക്കും കേരളാ ടെക്നോളജി ഇന്നവേഷൻ സോൺ. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഐ.ടി. മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, തൊഴിൽ ലഭ്യത, ഐ.ടി. നിക്ഷേപങ്ങൾ, സോഫ്റ്റ്‌വെയർ ഉല്പാദനം, കയറ്റുമതി എന്നിവയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) | കഴിഞ്ഞ 2 വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഗവൺമെന്റ് ഐ.ടി പാർക്കുകളുടെ വിവിധ പദ്ധതികളിലായി ഏകദേശം 29 ലക്ഷം ച.അടി അടിസ്ഥാന സൗകര്യങ്ങൾ കൂട്ടുതലായി സജ്ജീകരിച്ചിട്ടുണ്ട്. 154 പുതിയ കമ്പനികൾ 8000 ത്തോളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സോഫ്റ്റ് വെയർ കയറ്റുമതിയിൽ ഏകദേശം 25% വർദ്ധനവുണ്ടായിട്ടുണ്ട്. 2016-17 ൽ 12000 കോടി രൂപയുടെ സോഫ്റ്റ് വെയർ കയറ്റുമതി 2017-18 ൽ ഏകദേശം 15000 കോടിയായി വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| സി) | സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവര സാങ്കേതിക വിദ്യാരംഗത്തെ പ്രമുഖ വ്യക്തികൾ, വ്യവസായികൾ, അക്കാദമിക വിദഗ്ദ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ച് നടത്തിയ അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | സി) | സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ വിവരസാങ്കേതിക വിദ്യാ രംഗത്തെ പ്രമുഖ വ്യക്തികൾ, വ്യവസായികൾ, അക്കാദമിക്ക് വിദഗ്ധർ തുടങ്ങിയവരെ പങ്കെടുപ്പിച്ച 2018 മാർച്ചിൽ കൊച്ചിയിൽ വെച്ച ആദ്യ അന്താരാഷ്ട്ര ഡിജിറ്റൽ സമ്മേളനമായ 'ഹാഷ് ടാഗ് ഫ്യൂച്ചർ' നടത്തുകയുണ്ടായി.<br>ഡിജിറ്റൽ സാങ്കേതികതയുടെ സാധ്യതകൾ സാമൂഹ്യ – വൈജ്ഞാനിക മേഖലകളിലെ വികസനത്തിന് ഉപയോഗിക്കാൻ ലക്ഷ്യമിട്ടുന്ന 'ഹാഷ് ഫ്യൂച്ചർ ഡിജിറ്റൽ ഉച്ചകോടി' ആഗോള ഐ.ടി ബിസിനസ്സ് രംഗത്തെ പ്രമുഖരുമായി ചേർന്ന് (HPIC-Hi-Power IT Committee) 2018 മാർച്ച് 22,23 തീയതികളിലായി നടന്നു.<br>സാമ്പത്തിക രംഗത്തെ ഡിജിറ്റൽ മുന്നേറ്റത്തിനു അനുസൃതമായി വിദ്യാഭ്യാസ മേഖലയിലും കാതലായ മാറ്റങ്ങളുണ്ടാകണമെന്നും, യുവാക്കളുടെ വിദ്യാഭ്യാസ, തൊഴിൽ വൈദഗ്ധ്യങ്ങളും വികസിപ്പിക്കേണ്ട ആവശ്യകത തുടങ്ങിയ വിഷയങ്ങൾ ചർച്ചയുടെ ഭാഗമായി. സ്റ്റാർട്ട് അപ്പുകൾ, വിവിധ ഐ.ടി സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങി 1800 ഓളം പ്രതിനിധികളും പങ്കെടുത്തിരുന്നു. കേരളത്തിലെ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും, വൈദഗ്ധ്യവുമുള്ള മാനവ വിഭവശേഷിയും ലോകനിലവാരമുള്ള ഭൗതിക-ഡിജിറ്റൽ പശ്ചാത്തല സൗകര്യവും വൻകിട കമ്പനികളെ ആകർഷിക്കുവാനും ഇന്റർനെറ്റ് |

| | | | |
|---|---|---|---|
| | | | പൗരന്റെ അവകാശമാക്കിയ ആദ്യ സംസ്ഥാനമാണ് കേരളമെന്നും, ഡിജിറ്റൽ രംഗത്ത് മികച്ച വൈദഗ്ധ്യമുള്ള ഒട്ടേറെ പേർ കേരളത്തിലുണ്ടെന്നുമുള്ള പരിചയപ്പെടുത്തലിലൂടെ സാങ്കേതിക കുതിപ്പിന്റെ ഭാഗമാക്കുക എന്നതാണ് ഈ ഉച്ചകോടിയിൽ ഉദ്ദേശിക്കുന്നത്.<br><br>ഉച്ചകോടിയിൽ പങ്കെടുക്കുന്ന ഐ.ടി രംഗത്തെ വിദഗ്ദരുടെയും, സംരംഭകരുടേയും, നിക്ഷേപകരുടേയും കൂട്ടായ്മയിലൂടെ കേരളത്തെ ഡിജിറ്റൽ രീതിയിലേക്ക് മാറ്റുക എന്നതാണ് ലക്ഷ്യം. ഡിജിറ്റൽ രംഗത്ത് നിക്ഷേപം സാധ്യമാക്കുക, ഐ.ടി രംഗത്തെ പുതിയ സംരംഭകരെയും പ്രതിഭകളേയും പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഈ സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ പൊതു സ്ഥലങ്ങളിൽ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രഖ്യാപനവും ഈ ഉച്ചകോടിയിൽ നടത്തുകയുണ്ടായി. |

**സെക്ഷൻ ഓഫീസർ**